# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP-P-5/577/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP-P-5/577/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 02-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 02-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.ശ്രീ,പുഷ്പരാജ്.വി.കെ, അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ,ലക്ഷ്മികാന്ത്.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രശ്മി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| എൻ.എ.രവീന്ദ്രൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.ജെനിമോൻ.എസ് | സെക്രട്ടറി | 01-04-2020 | 03-06-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഇ.ആർ.ഓമനയമ്മാൾ (ഇൻചാർജ്) | സെക്രട്ടറി | 04-06-2020 | 09-06-2020 |
| ശ്രീ.ജി.ജ്യോതിഷ് കുമാർ | സെക്രട്ടറി | 10-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഇ.ആർ.ഓമനയമ്മാൾ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 08-03-2021 |
| ശ്രീ.അബ്ദുൾ ലത്തീഫ് | അസിസ്റ്റന്റ് സെക്രട്ടറി | 09-03-2021 | 31-03-2021 |
| ഡോ.രാജൻ.കെ.എസ് | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 14-02-2021 |
| ഡോ.സാജൻ മോൻ | സീനിയർ വെറ്റിനറി സർജൻ | 15-02-2021 | 09-03-2021 |
| ഡോ.അമ്പിളി.റ്റി | സീനിയർ വെറ്റിനറി സർജൻ | 10-03-2021 | 31-03-2021 |
| ഡോ.ഹേമ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.ആര്യനാഥ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജെസ്സി.എ.എസ്സ് | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീ.ബൈജു.റ്റി.സി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ധന്യ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| വേക്കന്റ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2020 | 04-11-2020 |
| ശ്രീമതി.രഞ്ജു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-11-2020 | 31-03-2021 |
| ശ്രീമതി.റെജിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.സാബു.എസ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2020 | 01-07-2020 |
| | | 01-01-2021 | 24-01-2021 |
| ഡോ.ആരതി.വി.നായർ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 02-07-2020 | 29-07-2020 |
| | | 19-10-2020 | 31-12-2020 |
| ഡോ.ചിത്ര.കെ.ബി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 30-07-2020 | 18-10-2020 |

| | | | |
|---|---|---|---|
| ഡോ.റോസ് മേരി ജോസഫ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 25-01-2021 | 31-03-2021 |
| ശ്രീ. സുജിത് രാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 24-06-2020 |
| ശ്രീമതി.തൃശ്ശി.എസ്.ബാലൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-06-2020 | 31-01-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി - 12.11.2020 - 20.12.2020

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S.Suresh (Audit Officer (HG), On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 02-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Suresh (Audit Officer (HG), On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Lakshmikanth P (Auditor, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-9 |
| 11 | അഞ്ചുമീറ്ററിൽ കൂടുതൽ വീതിയുള്ള പ്രവേശന മാർഗ്ഗമുള്ളപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയില്ല<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-10 |
| 12 | വസ്തു നികുതി -കാലപ്പഴക്കം 30 വർഷം എന്ന് കാണിച്ച് 20% ഇളവ് നല്കി<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-11 |
| 13 | തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്യീടാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-12 |
| 14 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകത<br>Written By: Lakshmikanth P (Auditor, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-13 |
| 15 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്യീടാക്കിയില്ല- 13750/- രൂപാ വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-14 |
| 16 | ഗുണഭോക്താവ് മരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും പെൻഷൻ അനുവദിക്കുന്നു | 1-15 |

| | | |
|---|---|---|
| | Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 28-06-2022) | |
| 17 | സബ്സിഡി ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ലഭിക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-16 |
| 18 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത റോഡിന് സംരക്ഷണ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിരിക്കുന്നത് 14.63 ലക്ഷം രൂപ<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-17 |
| 19 | സംരക്ഷണ ഭിത്തി നിർമ്മാണം- സാങ്കേതിക സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ അധികച്ചെലവിനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-18 |
| 20 | സംരക്ഷണ ഭിത്തിയുടെ ബാക്ക് ഫില്ലിംഗിന് എർത്ത് കട്ട് ചെയ്യപ്പോൾ ലഭിച്ച മണ്ണ് ഉപയോഗിച്ചിട്ടും കരാറുകാരന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-19 |
| 21 | ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-20 |
| 22 | ബൾക്ക് ബിറ്റുമിൻ ഉപയോഗിച്ചിട്ടും പാക്കഡ് ബിറ്റുമിൻ ഉപയോഗിക്കുമ്പോൾ നൽകുന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-21 |
| 23 | ഫില്ലിംഗ് അളവിൽ നിന്നും സ്റ്റെപ്പ്,റാമ്പ് എന്നിവയുടെ അളവ് കുറവു ചെയ്തില്ല<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 1-22 |
| 24 | എൽ.പി. സ്കൂളുകൾക്ക് ഫർണിച്ചർ- കസേരയ്ക്ക് കൂടിയ നിരക്ക് ഈടാക്കിയതുവഴി അധികം നൽകിയത് 1200/- രൂപ<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-23 |
| 25 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-24 |
| 26 | ഇ-ടെന്റർ ഫീസ്<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-25 |
| 27 | ഐ.കെ.എം വിഹിതം അടവാക്കൽ-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-26 |
| 28 | കന്നുകുട്ടി പരിപാലനം-രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-27 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 28-06-2022) | 1-28 |

| | | |
|---|---|---|
| 30 | മരുന്ന് പൂർണമായും ലഭിച്ചില്ല<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 1-29 |
| 31 | തൊഴിലുറപ്പുപദ്ധതി- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-30 |
| 32 | മുളക്കുഴ ഗ്രാമപഞ്ചായത്ത് – കോവിഡ് 19 അവലോകന റിപ്പോർട്ട്<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 1-31 |
| ഭാഗം **2** | | |
| 1 | അഞ്ചുമീറ്ററിൽ കൂടുതൽ വീതിയുള്ള പ്രവേശന മാർഗ്ഗമുള്ളപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയില്ല<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 2-1 |
| 2 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 13750 രൂപാ വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 2-2 |
| ഭാഗം **3** | | |
| 1 | സംരക്ഷണ ഭിത്തിയുടെ ബാക്ക് ഫില്ലിംഗിന് എർത്ത് കട്ട് ചെയ്തപ്പോൾ ലഭിച്ച മണ്ണ് ഉപയോഗിച്ചിട്ടും കരാറുകാരന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 3-1 |
| 2 | സംരക്ഷണ ഭിത്തി നിർമ്മാണം- 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. അധിക ചെലവ് 5220/-<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 3-2 |
| 3 | തൊഴിലുറപ്പുപദ്ധതി- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 3-3 |
| 4 | ബൾക്ക് ബിറ്റുമിൻ ഉപയോഗിച്ചിട്ടും പാക്കഡ് ബിറ്റുമിൻ ഉപയോഗിക്കുമ്പോൾ നൽകുന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്.നഷ്ടം 2810/-<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 3-4 |
| 5 | ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല - നഷ്ടം 3091/-<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 3-5 |
| 6 | എൽ പി സ്കൂളുകൾക്ക് ഫർണിച്ചർ- കസേരയ്ക്ക് കൂടിയ നിരക്ക് ഈടാക്കിയതുവഴി അധികം നൽകിയത് 1200/- രൂപ<br>Written By: S.Suresh (Audit Officer (HG), On 03-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 02-06-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 02-06-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 02-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 02-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 29-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് 25.03.2020 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 30.03.2020-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം പാസാക്കി. 05.03.2021-ൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 203796000 | 203466000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടിച്ചർ പത്രിക) | 157399350 | 162172717 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 26.07.2021 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.ഇ-പേയ്മെന്റ് അക്കൌണ്ട് എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 07.04.2020 | 947 |
| 2 | 04.11.2020 | 1701 |
| 3 | 04.11.2020 | 1831 |
| 4 | 01.11.2019 | 1691 |
| 5 | 06.02.2019 | 6584 |
| 6 | 27.12.2019 | 1289 |
| 7 | 07.03.2020 | 504 |
| 8 | 07.03.2020 | 307 |
| 9 | 23.12.2019 | 697 |
| 10 | 18.03.2020 | 19080 |
| 11 | 18.03.2020 | 157 |
| 12 | 18.12.2019 | 806 |
| 13 | 31.12.2019 | 2091 |
| 14 | 24.03.2020 | 495 |
| 15 | 05.12.2019 | 1145 |
| 16 | 31.12.2019 | 1167 |
| 17 | 12.03.2020 | 208 |
| 18 | 11.12.2019 | 583 |
| 19 | 18.03.2020 | 1044 |
| 20 | 19.03.2020 | 1471 |
| 21 | 01.01.2020 | 536 |
| 22 | 30.11.2020 | 604 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

കൂടാതെ ഈ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Collected എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്ക് കാലാവധി (3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| രേഖപ്പെടുത്തിയിട്ടില്ല/31.03.2020 | 24213 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ റസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2.ഡി.സി.ബി എസ്.ബി അക്കൗണ്ട് എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Collected എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി (3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 5571194/28.09.2020 | 16750 |
| 2970246/24.09.2020 | 30763 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ റസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3.ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Profession Tax-Employees ഇനത്തിൽ 985134/-രൂപയാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 967884/-രൂപ മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്ത് ജീവനക്കാരുടെ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി (34500/-രൂപ) ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുകയാണുണ്ടായത്. പ്രസ്തുത വ്യത്യാസം പരിഗണിച്ചാലും ഡിമാന്റ് തുകകൾ തമ്മിൽ പൊരുത്തക്കേടുകൾ നിലനില്ക്കുന്നു.

4.ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4(b) പ്രകാരം License Fees For Dangerous & Offensive Traders എന്ന ഇനത്തിൽ 144870/-രൂപയാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 140870/-രൂപ മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത്.

5.വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വരവ്- 26466812 (I-6) +20850 (Capital Contribution=26488392

എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം-26601000

6.തൻവർഷത്തെ ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint Venture Projects From District Panchayaths എന്നയിനത്തിൽ 1204682/-രൂപ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പദ്ധതി ചെലവ് പത്രിക പ്രകാരം ഈ ഇനത്തിലുള്ള ചെലവ് 1254182/-രൂപയാണ്.

7.വസ്തു നികുതി ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8.സംയുക്ത പ്രോജക്ടുകൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവു ചെലവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

9.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Centrally Sponsored Scheme – National Rural Employment Guarantee Act Scheme (NREGA) ഇനത്തിലുള്ള ബാധ്യത തുകയും (601772/-രൂപ) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ഈയിനത്തിന്റെ ബാങ്കിൽ അവശേഷിക്കുന്ന ആസ്തിയും (603772/-രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10. 31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിൽ ആസ്തിയായി കാണിച്ചിട്ടുള്ളത് 1410606/-രൂപയാണ്. 31.03.2020-ലെ ബാലൻസ് ഷീറ്റിലും ഇതേ തുക തന്നെയായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. തൻവർഷം സ്ഥിരനിക്ഷേപത്തിൽ നിന്നും ആർജിച്ച പലിശ ഉൾപ്പെടുത്തി സ്ഥിരനിക്ഷേപം പുതുക്കി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഇതിനനുസൃതമായ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

11.തൊഴിൽരഹിത വേതനം ഇനത്തിൽ തൻവർഷം 22320/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളതായി (ട്രഷറി ബിൽ നം.7 തീയതി 09.09.2020) കാണുന്നു. എന്നാൽ ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33327827 |
| വരവ് | 76130783 |
| ആകെ | 109458610 |
| ചെലവ് | 88853557 |

| | |
|---|---|
| നീക്കിയിരിപ്പ് | 20605053 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 15422341 | 15422341 | 1797659 | 13879444 | 1542897 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 16289412 | 16289412 | 58588 | 8618078 | 7671334 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 234000 | 234000 | 0 | 0 | 234000 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 16751000 | 16751000 | 0 | 10326714 | 6424286 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 4436667 | 4436667 | 45333 | 2653848 | 1782819 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 6140000 | 6140000 | 0 | 998610 | 5141390 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 12468663 | 12468663 | 0 | 6811381 | 5657282 (ലാപ്സായി) |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (1797659/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 15422341 | 15422341 | 15677103 | (-)254762 |
| യഥാർത്ഥ തുക | 0 | 17220000 | 17220000 | 15677103 | 1542897 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (58588/-രൂപ) കഴിച്ചുള്ള

തുകയാണ്. തന്മൂലം വരവ്, നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 16289412 | 16289412 | 8676666 | 7612746 |
| യഥാർത്ഥ തുക | | 16348000 | 16348000 | 8676666 | 7671334 |

3.2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഇനത്തിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വോട്ടിംഗ് മെഷീന് ചെലവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (45333/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, ചെലവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 4436667 | 4436667 | 2653848 | 1782819 |
| യഥാർത്ഥ തുക | | 4482000 | 4482000 | 2699181 | 1782819 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 123382786 | 115 | 54443888 | 13 | 86 | 54% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 471439 | 604725 | 1076164 | 472392 | 603772 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 25994429 | 25994429 | 25994429 | |

വാർഷിക കണക്കും എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ വാർഷിക കണക്കിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22320 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 8540800 | 445 |
| വിധവാ പെൻഷൻ | 15396400 | 802 |
| വാർദ്ധക്യകാല പെൻഷൻ | 37773400 | 1968 |
| വികലാംഗ പെൻഷൻ | 5020100 | 262 |
| അവിവാഹിത പെൻഷൻ | 860900 | 71 |

തൊഴിൽരഹിത വേതനത്തിന്റെ വരവ്-ചെലവുകൾ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല (ബിൽ ബുക്ക് പ്രകാരം തൻവർഷം പിൻവലിച്ച തുകയാണുൾപ്പെടുത്തിയിരിക്കുന്നത്).

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2022 തീയതിയിൽ 3:30 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,054/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-10 അഞ്ചുമീറ്ററിൽ കൂടുതൽ വീതിയുള്ള പ്രവേശന മാർഗ്ഗമുള്ളപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയില്ല

വർഗ്ഗീസ് വി ജേക്കബ് & ജേക്കബ് സാം വർഗ്ഗീസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 18-ാം വാർഡിൽ പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന 511.68 $M^2$ വിസ്തീർണമുള്ള (ഒന്നാം നില 29/B) കെട്ടിടത്തിന് 200$m^2$ ന മുകളിൽ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലാണ് 31-12-2020 ൽ വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്(@70/m2).സൈറ്റ് പ്ലാൻ പ്രകാരം 7.30 മീറ്റർ വീതിയുള്ള എം.സി റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ട്. എന്നാൽ കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡ് എം.സി റോഡ് എന്ന് കാണിച്ചിട്ടുണ്ടെങ്കിലും റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് ഫാറം 6 ൽ രേഖപ്പെടുത്തി വഴി സൗകര്യത്തിനുള്ള 20% വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ഇതിന്റെ താഴത്തെ നിലയ്ക്ക് വഴി സൗകര്യത്തിനുള്ള 20% വർദ്ധനവ് വരുത്തിയിട്ടുമുണ്ട്. അതിനാൽ വഴി സൗകര്യത്തിനുള്ള 20% വർദ്ധനവ് ഒന്നാം നിലയ്ക്കും ബാധകമാണ്. ശരിയായി നികുതി നിർണയം നടത്താതിരുന്നതിനാൽ നികുതിയിനത്തിലുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

| | നികുതി നിർണയിച്ചത് | നികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 511.68 $M^2$ @70 = 35818 | 35818 | |
| വഴി സൗകര്യത്തിനുള്ള വർദ്ധനവ് 20% | ----- | (+)7164 | |
| ബഹുനില വാണിജ്യത്തിനുള്ള ഇളവ് ഒന്നാം നില @5% | 1790 | (-)2149 | |
| നികുതി | 34028 | 40833 | 6805 |
| ലൈബ്രറി സെസ് 5% | 1702 | 2042 | 340 |

18/29B നമ്പർ കെട്ടിടത്തിന്റെ നികുതി ശരിയായി നിർണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -കാലപ്പഴക്കം 30 വർഷം എന്ന് കാണിച്ച് 20% ഇളവു നല്കി

രണ്ടാം വാർഡിൽ ദ്വിതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കാത്തോലിക്കേറ്റ് സിംഹാസന പള്ളിയുടെ 912.50 $M^2$ വിസ്തീർണമുള്ള രണ്ടാം നിലയ്ക്ക് (2/234) 30 വർഷം പഴക്കമുണ്ടെന്ന് കാണിച്ച് 20% ഇളവു നൽകി. 12-02-20 ൽ അസസ് ചെയ്ത കെട്ടിടം ഓഡിറ്റോറിയം എന്ന ഉപയോഗ ക്രമത്തിലാണ് നികുതി കണക്കാക്കിയിരിക്കുന്നത്. വസ്തു നികുതിയുടെ പ്രാബല്യം 2013 ഒന്നാം അർദ്ധവർഷം മുതലാണ് എന്ന് ഫാറം 6 ൽ രേഖപ്പെടുത്തിയിരിക്കുന്നു. 12-02-20 ൽ അസസ് ചെയ്ത കെട്ടിടത്തിന്റെ വസ്തു നികുതിയുടെ പ്രാബല്യം 2013 ഒന്നാം അർദ്ധവർഷം മുതലായതിനാൽ അസസ് ചെയ്യുമ്പോൾ ടി കെട്ടിടത്തിന് 8 വർഷം മാത്രമാണ് കാലപ്പഴക്കം. 10 വർഷത്തിൽ താഴെ മാത്രം കാലപ്പഴക്കമുള്ളതിനാൽ ടി കെട്ടിടത്തിന് ഇളവ് ബാധകമല്ല.

ശരിയായി നികുതി നിർണ്ണയം നടത്താതിരുന്നതിനാൽ നികുതിയിനത്തിലുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

| | നികുതി നിർണയിച്ചത് | നികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 912.50 $M^2$ @30 = 27375 | 27375 | |
| ദ്വിതീയ മേഖല ഇളവ് @10% | (-)2737 | (-)2737 | |
| കാലപ്പഴക്കം ഇളവ് 20% | (-)5475 | പത്തു വർഷത്തിൽ താഴെ മാത്രം കാലപ്പഴക്കമുള്ളതിനാൽ ടി കെട്ടിടത്തിന് ഇളവ് ബാധകമല്ല. | |
| വഴി സൗകര്യത്തിനുള്ള വർദ്ധനവ് 20% | (+)5475 | (+)5475 | |

| | | | |
|---|---|---|---|
| നികുതി | 24638 | 30113 | 5475 |
| ലൈബ്രറി സെസ് 5% | 1232 | 1506 | 274 |

2/234 നമ്പർ കെട്ടിടത്തിന്റെ നികുതി ശരിയായി നിർണ്ണയിച്ച് 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ടി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ 200 $M^2$ കെട്ടിടം ആരാധനാലയം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. താഴത്തെ നിലയിലെ തന്നെ 78.26 $M^2$ ഓഫീസ് ആവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി നികുതി നിർണയിച്ചിട്ടുമുണ്ട്. എന്നാൽ ഒന്നാം നില നികുതി അസസ് ചെയ്തതായി കാണുന്നില്ല. ഫയൽ ഹാജരാക്കാതിരുന്നതിനാൽ ഇതിന്റെ കൃത്യത ബോധ്യപ്പെടാനായില്ല. അതിനാൽ നികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2020-21 ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

എ) ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ലഭിക്കുന്നതിനായി, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | അപേക്ഷപ്രകാരം ഉള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കൈലാസ് കാഷ്യൂ എക്സ്പോർട്ട് | 200 |
| 2 | ഹൈ ടെക് ഓട്ടോ മോബൈൽസ് | 6 |
| 3 | ക്രീംസൺ സ്റ്റൈൽ, മുളക്കുഴ | 20 |
| 4 | ധനലക്ഷ്മി ഫുഡ് പ്രൊഡക്ഷൻ | 3 |
| 5 | ഗൌരി വുഡ് വർക്ക് | 4 |
| 6 | CORSA AUTO DETAILING STUDIO | 3 |
| 7 | മേരി കുര്യൻ സാ മിൽ | 4 |
| 8 | റോയൽ ഗ്ലാസ്സ് & ഹാർഡ് വെയർ | 4 |
| 9 | K.G.N ഗ്ലാസ്സ് ഹൌസ് | 3 |
| 10 | ഫ്രഷ് വേ ഹൈപ്പർ മാർട്ട് | 7 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം : 14 തീയതി 01-06-2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1, | മുളമൂട്ടിൽ ഫിനാൻസിയേർസ്, കോട്ട | രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 2, | കാർത്തിക മെഡിക്കൽ സെന്റർ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | APCOS അരണ്ടകാട് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | APCOS കൊഴുവല്ലൂർ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 5 | APCOS മുളക്കുഴ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 6 | APCOS പെരിങ്ങല | രണ്ട് അർദ്ധ വർഷങ്ങളിലും |
| 7 | APCOS കാരക്കാട് | രണ്ട് അർദ്ധ വർഷങ്ങളിലും |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:14, തീയതി 01/06/2022) മറുപടി ലഭിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരുടെ പേര് /മേൽവിലാസം |
|---|---|
| 1 | വിജയ പണിക്കർ, വിദ്യാ വിഹാർ, വെൺമണി |
| 2 | പ്രഭ.എം.വി |
| 3, | മുരളീധരൻ |
| 4, | സാം എബ്രഹാം |
| 5, | സൈമൺ കെ.ജെ |
| 6, | എം.എ വിജയൻ |
| 7, | സുനിൽ കുമാർ.കെ |
| 8, | ജോജി തോമസ് |
| 9, | അനീഷ് സക്കറിയ |
| 10, | വിനീത് രാജൻ |

ഈ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/തീയതി 01-06-2022) മറുപടി ലഭിച്ചില്ല. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകത

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, 7-ാം ചട്ടത്തിലെ പട്ടിക II പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, പുതുതായി ലൈസൻസ് ലഭിക്കുന്നതിനും, ലൈസൻസ് പുതുക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഇതുമൂലം ഭേദഗതി ചെയ്യപ്പെട്ട നിയമത്തിന് അനുസൃതമായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല. ഇത് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കുറവുണ്ടാക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:13/തീയതി 01-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) ലൈസൻസ് ഫീസ് -മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല.

കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് പ്രഭുറാം മിൽസ്, കോട്ട. ഉത്പാദന മേഖലയിൽ ലാർജ്ജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്ന ഈ സ്ഥാപനം തൻവർഷം നൂറ്റി അൻപതോളം ജീവനക്കാരുടെ തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഇടാക്കാത്തതിനാൽ, ലൈസൻസ് ഫീസ് ഇനത്തിലും മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിലും പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വൻ കുറവാണ് ഉണ്ടാകുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:13/തീയതി 01-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്ഈടാക്കിയില്ല- 13750/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2020-21 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1, | APCOS അരണ്ടകാട് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2, | APCOS കൊഴുവള്ളൂർ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | APCOS മുളക്കുഴ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |

| | | | |
|---|---|---|---|
| 4 | APCOS പെരിങ്ങല | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | APCOS കാരക്കാട് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 6 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, കോട്ട | രണ്ടാം അർദ്ധ വർഷം | 1250 |
| | ആകെ | | 13,750 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 15, തീയതി 01/06/2022) മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ഗുണഭോക്താവ് മരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും പെൻഷൻ അനുവദിക്കുന്നു

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ 2020-21 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്നവരുടെ പെൻഷൻ സേവന ഡേറ്റാ ബേസിൽനിന്നും സസ്പെന്റ് ചെയ്തതിട്ടില്ല. അതിനാൽ മരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും പെൻഷൻ അനുവദിച്ചുകൊണ്ടിരിക്കുന്നു. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്/വിലാസം | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ്/ തുക | ആകെ തുക |
|---|---|---|---|---|---|
| 1 | കൃഷ്ണൻകുട്ടി ആചാരി<br>പ്രകാശ് ഭവനം, പെരിങ്ങാല പി.ഒ, മുളക്കുഴ | വാർദ്ധക്യകാല പെൻഷൻ | 26-04-20 | 2020 ഏപ്രിൽ - 2021 മാർച്ച് @ 1500 = 18000<br>2021 ഏപ്രിൽ - 2021 ഡിസംബർ @1600 = 14400<br>2022 ജനവരി - 2022 ഏപ്രിൽ - തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചില്ല<br>2022 മെയ് - @1600 = 1600 | 34000 |
| 2 | പൊന്നമ്മ ജോൺസൺ<br>പനച്ചമൂട്ടിൽ ഫ്ലമി വില്ല<br>മുളക്കുഴ | ടി | 12-04-20 | 2020 ഏപ്രിൽ - 2021 മാർച്ച് @ 1500 = 18000<br>2021 ഏപ്രിൽ - 2022 ഏപ്രിൽ @1600 = 20800<br>2022 മെയ് - @1600 = 1600 | 40400 |
| | ആകെ | | | | 74400 |

(ലഭ്യമായ ആധാർ നമ്പർ ഉപയോഗിച്ച് സൈറ്റിൽ തെരഞ്ഞപ്പോൾ ലഭിച്ച വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.)

പെൻഷൻ വാങ്ങുന്നവരുടെ മരണം രജിസ്റ്റർ ചെയ്യുമ്പോൾ പോലും പെൻഷൻ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ പെൻഷൻ തുടർന്നും നൽകാൻ ഇടവരുന്നു. അതിനാൽ വാർഡു തലത്തിൽ മെമ്പർമാരുടെ മേൽനോട്ടത്തിൽ കുടുംബശ്രീ മുഖേന, മരണപ്പെട്ടവരുടെ വിവരം പ്രതിമാസം ശേഖരിച്ച് സസ്പെന്റ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/29-05-22) മറുപടി ഹാജരാക്കിയില്ല.

## 1-16 സബ്സിഡി ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ലഭിക്കാത്തത് സംബന്ധിച്ച്

*മുളക്കുഴ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.*

| ക്രമ നം. | പ്രോജക്ട് നം. / പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെപേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|---|
| 1 | 167-നെൽകൃഷിക്ക് കൂലിച്ചെലവ് | ടിറ്റോ | U000000787602586 | 3500 |
| 2 | 167-നെൽകൃഷിക്ക് കൂലിച്ചെലവ് | ടിറ്റോ | U000000787602484 | 2857 |
| 3 | 64-വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | ഓമന | U000000853945860 | 2160 |
| | 64-വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | ദിവ്യ.കെ.നായർ | U000000851459690 | 1852 |
| 4 | 64-വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | ലളിത | U000000851459688 | 1913 |
| 5 | 64-വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | പൊന്നമ്മാൾ | U000000851459630 | 2469 |
| 6 | 64-വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | സിന്ധു രമണൻ | U000000851459692 | 2469 |
| 7 | 64-വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | സുഭഗ | U000000851459658 | 1543 |
| 8 | 64-വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | ഉഷാകുമാരി | U000000851459872 | 2469 |
| 9 | 57-വെറ്റിലകൃഷി പ്രോത്സാഹനം | ലളിത | U000000845064802 | 5500 |
| 10 | 57-വെറ്റിലകൃഷി പ്രോത്സാഹനം | ലതിക.എ.ആർ | U000000845064950 | 3500 |
| 11 | 57-വെറ്റിലകൃഷി പ്രോത്സാഹനം | ഓമന | U000000845064782 | 6500 |
| 12 | 57-വെറ്റിലകൃഷി പ്രോത്സാഹനം | രാധ.കെ | U000000845064876 | 4600 |
| 13 | 57-വെറ്റിലകൃഷി പ്രോത്സാഹനം | രാധാമണി | U000000845064868 | 2800 |
| 14 | 57-വെറ്റിലകൃഷി പ്രോത്സാഹനം | ശശി.എം.എൻ | U000000845064822 | 2300 |
| 15 | 55-നെൽകൃിക്ക് കൂലിച്ചെലവ് | ബെറ്റ്സി ജിനു | U000000856152628 | 5302 |
| 16 | 55-നെൽകൃിക്ക് കൂലിച്ചെലവ് | ബെറ്റ്സി ജിനു | U000000845064976 | 12941 |
| 17 | 55-നെൽകൃിക്ക് കൂലിച്ചെലവ് | ബെറ്റ്സി ജിനു | U000000846232264 | 4184 |
| 18 | 55-നെൽകൃിക്ക് കൂലിച്ചെലവ് | രാമചന്ദ്രൻ നായർ | U000000856152644 | 3500 |
| 19 | 55-നെൽകൃിക്ക് കൂലിച്ചെലവ് | രാമചന്ദ്രൻ നായർ | U000000846232178 | 2762 |

| | | | | |
|---|---|---|---|---|
| 20 | 55-നെൽകൃഷിക്ക് കൂലിച്ചെലവ് | രാമചന്ദ്രൻ നായർ | U000000844167486 | 8541 |
| 21 | 55-നെൽകൃഷിക്ക് കൂലിച്ചെലവ് | ടിറ്റോ | U000000856152718 | 5302 |
| | ആകെ | | | 88964 |

*ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി 24.05.2022) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്കർഹമായ തുക അവരുടെ അക്കൌണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 1-17 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത റോഡിന് സംരക്ഷണ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിരിക്കുന്നത് 14.63 ലക്ഷം രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കണ്ണുവേലിക്കാവ് ശ്രീകൃഷ്ണക്ഷേത്രം പെരിങ്ങാല ക്ഷേത്രം റോഡ് രണ്ടാം മെറ്റലിംഗം ടാറിംഗം |
| പ്രോജക്ട് നമ്പർ | S0102/12 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജോജി തോമസ് |
| അളവു പുസ്തകം | 69/18 |
| ചെലവു വിവരം | 10/17-04-20 രൂപ 299938/- (റോഡ് സംരക്ഷണ ഗ്രാന്റ്)<br>19/12-05-20 രൂപ 164969/-<br>18/12-05-20 രൂപ 499000/-<br>17/12-05-20 രൂപ 499000/- |

എ)കണ്ണുവേലിക്കാവ് ശ്രീകൃഷ്ണക്ഷേത്രത്തിന് സമീപമുള്ള പി.ഐ.പി കനാൽ ഇൻസ്പെക്ഷൻ റോഡ് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയാണ്. 26-09-18 ൽ ഇറിഗേഷൻ വകുപ്പും ഗ്രാമപഞ്ചായത്തും തമ്മിൽ വെച്ചിരിക്കുന്ന കരാർ (15/AEE /PIP/2018-19) പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്ന റോഡും കണ്ണുവേലിക്കാവ് ശ്രീകൃഷ്ണക്ഷേത്രത്തിന് സമീപമുള്ള സ്ഥലവും പി.ഐ.പിയുടെ ആസ്തിയായി കണക്കാക്കുന്നതായിരിക്കും എന്നാണ് വ്യവസ്ഥ. ടി റോഡിന്റെ 720 മീറ്റർ നീളം മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം 14.63 ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത റോഡിനാണ് റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും 14.63 ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾക്കായി റോഡ് സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റനുസരിച്ച് 720 മീറ്റർ നീളം 2.80 മീറ്റർ വീതിയിൽ ബേസ് നിർമ്മിച്ച് (Wmm) ടാർ ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. Wmm ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ചെയിനേജ് | അളവ് |
|---|---|
| 80- 212 M | 132 X2.80x0.075 = 27.720 $M^3$ |
| 0 -720 | 720 X 2.80 X 0.075 =151.20 |
| ലെവലിംഗ് കോഴ്സ് | 11 X 15 X2 X0.05 = 16.50 |
| ആകെ | 195.420 $M^3$ |

ഈയിനത്തിന്റെ ഫൈനൽ ലെവൽസ് പ്രകാരം 222.10 $M^3$ അളവ് ചെയ്തിട്ടുണ്ട്. ഇത് എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തി 656806.32/-(195.420 @ 3361/$m^3$) രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ടാറിംഗ് ഇനങ്ങൾ (പ്രൈമ് കോട്ട്, ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പെറ്റ്, സീൽ കോട്ട്) ചെയ്ത അളവിൽ നിന്നും ചെയിനേജ് 0/200 ലും 0/712 ലുമുള്ള കൾവർട്ടിന്റേയും സ്ലാബിന്റേയും അളവു കുറവു ചെയ്താണ് തുക അനുവദിച്ചിരിക്കുന്നത്. ഇതിൽ നിന്നും മേൽപ്പറഞ്ഞ ചെയിനേജിൽ Wmm ചെയ്തിട്ടില്ലെന്ന മനസ്സിലാക്കാം. അതിനാൽ Wmmന് അനുവദിച്ച അളവിൽ നിന്നും ഇവയുടെ അളവ് കുറവ് ചെയ്യേണ്ടതാണ്.

| ചെയിനേജ് | അളവ് |
|---|---|
| 0/200 (ബേസ് & സബ് ബേസ്) | 1x 2.20x2.80x0.15 = 0.924 $M^3$ |
| 0/712 (ബേസ്) | 720 X 2.80 X 0.075 =0.4125 |

| | |
|---|---|
| ആകെ | 1.3365 $M^3$ |

Wmmന് അനുവദിച്ച അളവിൽ നിന്നും ഇവയുടെ അളവ് 1.3365 $M^3$ കുറവ് ചെയ്യാതിരുന്നതിനാൽ 4492/- (1.3365 @3361/$m^3$) അധികം നൽകാനിടയായി.

ടി പ്രവൃത്തിയുടെ ഫൈനൽ ലെവൽസ് കാൽക്കുലേഷൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 1-18 സംരക്ഷണ ഭിത്തി നിർമ്മാണം- സാങ്കേതിക സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ അധികച്ചെലവിനിടയാക്കി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കൊച്ചായത്തിൽ തോട് സംരക്ഷണം |
| പ്രോജക്ട് നമ്പർ | S0203/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജോജി തോമസ് |
| അളവു പുസ്തകം | 37/19 |
| ചെലവു വിവരം | ബിൽ നമ്പർ 53/29-03-21 രൂപ 1001395/- |

കൊച്ചായത്തിൽ തോട് സംരക്ഷണത്തിന് പുതിയതായി 72.85 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിരിക്കുന്നത് ഫൗണ്ടേഷന്റെ ഉയരമുൾപ്പെടെ 2.75 മീറ്ററാണ്. ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നത് ഒരു മീറ്റർ ആഴത്തിലാണ്. 18-11-2016 തീയതിയിലെ 87/2016/ഫിനാൻസ് (ഇൻസ്പെക്ഷൻ വിംഗ് - ടെക്നിക്കൽ ഡിപ്പാർട്ട്മെന്റ്) നമ്പർ സർക്കുലർ അനുസരിച്ച് സംരക്ഷണ ഭിത്തിക്ക് നൽകാവുന്ന ഫൗണ്ടേഷന്റെ ആഴം 0.60 മീറ്ററോ അല്ലെങ്കിൽ (0.1H +0.30) മീറ്ററോ ഇതിൽ ഏതാണോ കൂടുതൽ അതാണ് നൽകാവുന്നത്. ഇതനുസരിച്ച് 2.70 മീറ്റർ ഉയരത്തിന് നൽകാവുന്ന ഫൗണ്ടേഷന്റെ ആഴം 0.575 ( 0.1 X2.75 +0.30) മീറ്റർ ആണ്. എന്നാൽ മേൽ സർക്കുലർ പ്രകാരം അനുവദിക്കാവുന്ന ആഴം 0.60 മീറ്ററാണ്. എന്നാൽ നൽകിയിരിക്കുന്നത് 1 മീറ്ററാണ്. കൂടുതൽ ആഴം നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയത് താഴെപ്പറയുന്ന ഇനങ്ങൾക്ക് അധിക ചെലവിനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ. എർത്ത് വർക്ക് എക്സ്കവേഷൻ

| | |
|---|---|
| അനുവദിച്ചത് | 72.85 X0.90x1 = 65.565 $M^3$ |
| അനുവദനീയം | 72.85 X0.90x0.60 = 39.339 $M^3$ |
| അധികം | 26.226 $M^3$ |
| അധികം ചെലവഴിക്കാനിടയായത് | 26.226 @ 247.45 = 6490<br>(+) GST 12% ----- 779<br>7269/- |

ബി. DR Masonary ഫൗണ്ടേഷൻ

| | |
|---|---|
| അനുവദിച്ചത് | 72.85x0.90x1 = 65.565 $M^3$ |

| | |
|---|---|
| | |
| അനുവദനീയം | 72.85 X0.90x0.60 = 39.339 $M^3$ |
| അധികം | 26.226 $M^3$ |
| DR Masonary ആകെ ചെയ്ത അളവ്<br>(ഫൗണ്ടേഷൻ + സൂപ്പർ സ്ട്രക്ചർ) | 135.607 $M^3$ |
| ക്ലിപ്തപ്പെടുത്തി അനുവദിച്ച അളവും തുകയും | 111.20 $M^3$ @3913.71<br>= 435205/- |
| ആകെചെയ്ത അളവും അനുവദിച്ച അളവും തമ്മിലുള്ള വ്യത്യാസം | 24.407 $M^3$ (135.607 - 111.20) |
| ക്ലിപ്തപ്പെടുത്തിയെങ്കിലും അധികം നൽകിയ അളവ് | 1.819 $M^3$ (26.226 - 24.407) |
| ക്ലിപ്തപ്പെടുത്തിയെങ്കിലും അധികം ചെലവഴിക്കാനിടയായത് | 1.819 @3913.71 = 7119<br>(+) GST 12% ---- 854<br>7973/- |

2.മേൽ സർക്കുലർ അനുസരിച്ച് റീട്ടെയ്നിംഗ് വാളിന്റെ ബെൽറ്റ് നിർമ്മിക്കേണ്ടത് 1:3:6 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിലാണ് (PCC1:3:6). ഇതിന് നൽകാവുന്ന റീ ഇൻഫോഴ്സ്മെന്റിന് 8mm സ്റ്റീൽബാർ 4 എണ്ണവും 30 Cm അകലത്തിൽ സ്റ്റിറപ്പും (Stirrup) നൽകാവുന്നതാണ്. എന്നാൽ 72.85 മീറ്റർ നീളത്തിൽ ബെൽറ്റ് നിർമ്മിച്ചിരിക്കുന്നത് 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിലും (RCC 1:2:4) കൂടുതൽ റീ ഇൻഫോഴ്സ്മെന്റും നൽകിയാണ്. ഉയർന്ന ഗ്രേഡിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ഉപയോഗിച്ചതും കൂടുതൽ റീ ഇൻഫോഴ്സ്മെന്റും നൽകിയതും അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ) സിമന്റ് കോൺക്രീറ്റിംഗ്

| | |
|---|---|
| അനുവദിച്ചത് RCC 1:2:4 | 9.84 $M^3$ @ 8584.51/$m^3$ = 84472 |
| അനുവദനീയം PCC1:3:6 | 9.84 $M^3$ @7609.30 = 74876 $M^3$ |
| അധികം ചെലവഴിക്കാനിടയായത് | 9596<br>(+) GST 12% ----- 1152<br>10748/- |

ബി ) സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ്

| | |
|---|---|
| അനുവദിച്ച അളവും തുകയും<br>(8mm സ്റ്റീൽ ബാർ) | 519.978 Kg @84.17/kg = 43767/- |
| അനുവദനീയം<br>(8mm സ്റ്റീൽ ബാർ) | Mainbar 4 X 72.60 @0.395 = 114.708<br>Stirrup 243 X 2 = 486 @0.395 =191.97<br>ആകെ 306.678 Kg |
| അധികം | 213.3 Kg (519.978 - 306.678) |
| അധികം ചെലവഴിക്കാനിടയായത് | 213.37 @84.17/kg =17953<br>(+) GST 12% ----- 2154<br>20107/- |

3.ടിപദ്ധതിയിൽ നിലവിലുള്ള 47.90 മീറ്റർ നീളത്തിൽ ഭിത്തിയുടെ ഉയരം വർദ്ധിപ്പിച്ചിരിക്കുന്നത് RR Masonary യിലാണ്. RR Masonary ചെയ്തതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 5cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയ്ക്കുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയ്ക്കുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇന്ഡക്സ് 48.71% | 44.7862 |
| | 136.7308 (Say 136.73/$m^3$) |

47.90 മീറ്റർ നീളത്തിൽ ഭിത്തിയുടെ ഉയരം വർദ്ധിപ്പിക്കുന്നതിന് RR Masonary 34.09 $M^3$ ചെയ്യതിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി 5220/- രൂപ [4661/- (34.09 @136.73/$m^3$) + 559 (12% GST)] അധികം നൽകാനിടയായി. ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായതി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 1-19 സംരക്ഷണ ഭിത്തിയുടെ ബാക്ക് ഫില്ലിംഗിന് എർത്ത് കട്ട് ചെയ്യപ്പോൾ ലഭിച്ച മണ്ണ് ഉപയോഗിച്ചിട്ടും കരാറുകാരന് തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഉമ്മറക്കോട് റോഡ് കോൺക്രീറ്റ് വാർഡ് -6 |
| പ്രോജക്ട് നമ്പർ | S0085/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | വിജയൻ |
| അളവ് പുസ്തകം | 17/19 |
| ചെലവ് വിവരം | ചെക്ക് നമ്പർ 2961113/21-08-20 രൂപ 424464/- |

എ)ഉമ്മറക്കോട് റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ 29 മീറ്റർ നീളത്തിൽ RR Dry Stone Masonary യിൽ സംരക്ഷണ

ഭിത്തി നിർമ്മിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 0.70 മീറ്റർ ആഴത്തിൽ കുഴിയെടുത്താണ് ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നത്. നിർമ്മിച്ച സംരക്ഷണ ഭിത്തിയുടെ 0.70 മീറ്റർ കനത്തിൽ ബാക്ക് ഫില്ലിംഗ് നടത്തിയതിന് വന്ന 11.96 $M^3$ അളവ്, ക്ലിപ്തപ്പെടുത്തി 10.15$m^3$ ന് 844.47/$m^3$ നിരക്കിൽ 8571/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിലെ എർത്ത് വർക്ക് എക്സ്കവേറ്റ് ചെയ്തപ്പോൾ ലഭിച്ച 18.27 $M^3$ ഉം (അളവു പുസ്തകം പേജ് 2) എർത്ത് കട്ട് ചെയ്തപ്പോൾ ലഭിച്ച 12.60 $M^3$ ഉം (അളവു പുസ്തകം പേജ് 8) ഉൾപ്പെടെ 30.87 $M^3$ മണ്ണ് സൈറ്റിൽ ലഭ്യമായിരുന്നു. ഇതിൽ എർത്ത് കട്ട് ചെയ്തപ്പോൾ ലഭിച്ച 12.60 $M^3$ മണ്ണ് ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അളവു പുസ്തകം പേജ് 8 -ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സൈറ്റിൽ 30.87 $M^3$ മണ്ണ് ലഭ്യമായിതിൽ 12.60 $M^3$ മണ്ണ് ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടും ബാക്ക് ഫില്ലിംഗ് നടത്തിയതിന് കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി)29 മീറ്റർ നീളത്തിൽ 0.90 മീറ്റർ വീതിയിൽ 0.70 മീറ്റർ ആഴത്തിൽ ഫൗണ്ടേഷനും ഇതിന് മുകളിൽ 1.40 മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള സംരക്ഷണ ഭിത്തിയുടെ ഉയരം 2.10 (0.70+1.40) മീറ്ററാണ്. 18-11-2016 തീയതിയിലെ 87/2016/ഫിനാൻസ് (ഇൻസ്പെക്ഷൻ വിംഗ് - ടെക്നിക്കൽ ഡിപ്പാർട്ട്മെന്റ്) നമ്പർ സർക്കുലർ അനുസരിച്ച് സംരക്ഷണ ഭിത്തിക്ക് നൽകാവുന്ന ഫൗണ്ടേഷന്റെ ആഴം 0.60 മീറ്ററോ അല്ലെങ്കിൽ (0.1H+0.30) മീറ്ററോ ഇതിൽ ഏതാണോ കൂടുതൽ അതാണ് നൽകാവുന്നത്. ഇതനുസരിച്ച് 2.10 മീറ്റർ ഉയരത്തിന് നൽകാവുന്ന ഫൗണ്ടേഷന്റെ ആഴം 0.51 (0.1x2.10+0.30) മീറ്റർ ആണ്. എന്നാൽ മേൽ സർക്കുലർ പ്രകാരം അനുവദിക്കാവുന്ന ആഴം 0.60 മീറ്ററാണ്. എന്നാൽ നൽകിയിരിക്കുന്നത് 0.70 മീറ്ററാണ്. കൂടുതൽ ആഴം നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയത് അധികച്ചെലവിനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 29 X0.90 X0.70 = 18.27 $M^3$ |
| അനുവദനീയം | 29 X0.90 X0.60 =15.66$m^3$ |
| അധികം | 2.61 $M^3$ |
| അധികം ചെലവഴിക്കാനിടയായത് | 2.61 @ 3912.29 = 10211<br>(+) GST 12% ----- 1225<br>11436/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/29-05-22) മറുപടി ഹാജരാക്കിയില്ല.

## 1-20 ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | സെന്റ് മേരീസ് കുഴിപൊയ്ക റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | S0111/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സുജിത് കുമാർ |
| അളവു പുസ്തകം | 48/19 |
| ചെലവു വിവരം | 54/31-03-21 രൂപ 463988/- |

മേൽ പ്രവർത്തിയിൽ 682.31$m^2$ റോഡ് ടാർ ചെയ്തിട്ടുണ്ടെങ്കിലും കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ

അളവിൽ ടാറിംഗ് നടത്തുന്നതിന് 1638 കി.ഗ്രാം ബിറ്റുമിനും 182 കി.ഗ്രാം RS1 ഉം ആവശ്യമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ അളവിൽ സാധനങ്ങൾ ഉപയോഗിക്കുമ്പോൾ വരുന്ന ടാർവീപ്പയുടെ എണ്ണം 11 ആണ്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. ഇതനുസരിച്ച് 3091/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 1-21 ബൾക്ക് ബിറ്റുമിൻ ഉപയോഗിച്ചിട്ടും പാക്കഡ് ബിറ്റുമിൻ ഉപയോഗിക്കുമ്പോൾ നൽകുന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മൂലപ്ലാംചുവട് പഴയകാരക്കാട് റോഡ് റീടാറിംഗ് |
| പ്രോജക്ട് നമ്പർ | S0172/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സാം എബ്രഹാം (എസ്റ്റിമേറ്റ് നിരക്ക്) |
| അളവു പുസ്തകം | 119/18 |
| ചെലവു വിവരം | 05/11-04-20 രൂപ 199590/- |

മേൽ പ്രവൃത്തിയിൽ 1155m$^2$ അളവിൽ ടാറിംഗ് നടത്തുന്നതിന് 2652 കി.ഗ്രാം ബിറ്റുമിനും 260 കി.ഗ്രാം RS1 ഉം ഉപയോഗിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഉപയോഗിച്ച 2652 കി.ഗ്രാം ബിറ്റുമിനിൽ 1568.30 കി.ഗ്രാം ബൾക്ക് ബിറ്റുമിനാണ് അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ പാക്കഡ് ബിറ്റുമിൻ ഉപയോഗിക്കുമ്പോൾ നൽകുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. 1568.30 കി.ഗ്രം ബൾക്ക് ബിറ്റുമിൻ ഉപയോഗിച്ചിരിക്കുന്നതിനാൽ ആയതിന്റെ നിരക്കാണ് ഇത് ഉപയോഗിച്ച് ചെയ്ത ഇനങ്ങൾക്ക് അനുവദിക്കാവുന്നത് . എന്നാൽ ഏതെല്ലാം ഇനങ്ങൾക്കാണ് ഇത് ഉപയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ടി പ്രവൃത്തിയിൽ 1083.70 കി.ഗ്രാം (2652 - 1568.30) ബിറ്റുമിനും 260കി.ഗ്രാം RS1 ഉം ഉപയോഗിച്ചതനുസരിച്ച് വരുന്ന 8.31 ടാർവീപ്പയുടെ വില 2335/- (8.31 @281)) രൂപ മാത്രമാണ് കരാറുകാരനിൽ നിന്നും ഈടാക്കിയിരിക്കുന്നത്. പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് അനുവദിച്ചിരിക്കുന്ന തിനാൽ 1568.30 കി.ഗ്രാം ബിറ്റുമിന്റെ ടാർ വീപ്പയുടെ വിലയായ 2810/- (10 @ 281) രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 7/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 1-22 ഫില്ലിംഗ് അളവിൽ നിന്നും സ്റ്റെപ്പ്,റാമ്പ് എന്നിവയുടെ അളവ് കുറവു ചെയ്തില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | PHC ലാബ് നിർമ്മാണം രണ്ടാം ഘട്ടം |
| പ്രോജക്ട് നമ്പർ | S0177/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സാബു |

| | |
|---|---|
| അളവു പുസ്തകം | A-8/2017, A-9/2017 |
| ചെലവു വിവരം | ബിൽ നമ്പർ 11/11-04-20 രൂപ 400000/-<br>ബിൽ നമ്പർ 12/11-04-20 രൂപ 400000/-<br>ബിൽ നമ്പർ 13/11-04-20 രൂപ 126922/-<br>ചെക്ക്നമ്പർ 2970812/15-12-20 രൂപ 47442/- |

മേൽ പ്രവൃത്തിയുടെ 50-ാം ഇനം കെട്ടിടത്തിന്റെ മുൻഭാഗം ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗാണ്. ഇത് 111.13 M3 (12.70x12.50x0.70) ചെയ്തതിൽ നിന്നും ഷ്രിങ്കേജിനത്തിൽ 10% കുറവു ചെയ്ത് 99.06 M3 ന് @781/m3 നിരക്കിൽ 77366/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ അപ്പൻഡിക്സ് 2-ാം ഇനം 60 Mm കനമുള്ള സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്ക് പേവിംഗ് ബ്ലോക്ക് ഉപയോഗിച്ചുള്ള ടൈൽ വിരിക്കലാണ്. ഇത് കെട്ടിടത്തിന്റെ മുൻ ഭാഗത്ത് 11.70 മീറ്റർ നീളത്തിലും 4.80 മീറ്റർ വീതിയിലും ചെയ്തതിന്റെ അളവിൽ നിന്നും സ്റ്റെപ്പ്, റാമ്പ് എന്നിവയുടെ അളവ് കുറച്ചിരുന്നു. എന്നാൽ ഫില്ലിംഗ് അളവിൽ നിന്നും ഇത് കുറവു ചെയ്തില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/29-05-22 ) മറുപടി ഹാജരാക്കിയില്ല. അതിനാൽ ഇവയുടെ അളവ് കുറവ് ചെയ്ത് അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-23 എൽ.പി. സ്കൂളുകൾക്ക് ഫർണിച്ചർ- കസേരയ്ക്ക് കൂടിയ നിരക്ക് ഈടാക്കിയതുവഴി അധികം നൽകിയത് 1200/- രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എൽ.പി സ്കൂളുകൾക്ക് ഫർണീച്ചർ |
| പ്രോജക്റ്റ് നമ്പർ | S006520 |
| നിർവ്വഹണം | HM, GLPS മുളക്കുഴ |
| ചെലവു വിവരം | ബിൽ നമ്പർ 1/12-04-20 രൂപ 166378/-<br>ബിൽ നമ്പർ2/17-04-20 രൂപ 50570/- |

എൽ.പി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. കൈയുള്ള പ്ലാസ്റ്റിക് കസേര 80 എണ്ണം @ 444/- രൂപ നിരക്കിൽ വിതരണം ചെയ്യാൻ ആവശ്യപ്പെട്ടതനുസരിച്ച് 80 എണ്ണവും സപ്ലൈ ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ പരിശോധിച്ചതിൽ ഒരെണ്ണത്തിന് 444/- രൂപ വില വരുന്നത് നീൽകമൽ 7015 എന്ന മോഡലിനാണ്. ടി സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നമ്പർ 6087/20-03-20 പ്രകാരം വിതരണം ചെയ്തിരിക്കുന്നത് നീൽ കമൽ 2071 മോഡൽ കസേരയാണ്. ഇതിന് ഇവർ ക്വോട്ട് ചെയ്തിരിക്കുന്ന നിരക്ക് @429/- ആണ്. വിലവ്യത്യാസം @ 15/- ഒരെണ്ണം. കൂടിയ നിരക്ക് ഈടാക്കിയതുവഴി 1200 (80x15) രൂപ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/29-05-22) ബിൽ നൽകിയപ്പോൾ വന്ന തെറ്റാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത്. മേൽ മറുപടി അംഗീകരിക്കുന്നില്ല. ടി തുക സ്ഥാപനത്തിൽ നിന്നും ഈടാക്കണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-24 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് (അക്കൗണ്ട് നമ്പർ 70702140000005) ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ചെലവഴിച്ച ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പള്ളിപ്പടി കാണിക്കവഞ്ചി മുലപ്ലാവിൻ ചുവട് റോഡ് പുനരുദ്ധാരണം | 3653 | റോഡു സംരക്ഷണ ഗ്രാന്റ് | 43/17-03-21 രൂപ 409569/- |
| 2 | തടത്തിൽപ്പടി– പുതുക്കാല റോഡ് പുനരുദ്ധാരണം | 5704 | റോഡു സംരക്ഷണ ഗ്രാന്റ് | 3/17-04-20 രൂപ 499500/- |
| 3 | എം.സി റോഡ് – താമരശ്ശേരിൽ റോഡ് പുനരുദ്ധാരണം | 6654 | റോഡു സംരക്ഷണ ഗ്രാന്റ് | 6/17-04-20 രൂപ 400000/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. പ്രവൃത്തികൾ റോഡു സംരക്ഷണ ഗ്രാന്റ്/വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുമ്പോൾ ടി തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 1-25 ഇ-ടെന്റർ ഫീസ്

ഗ്രാമ പഞ്ചായത്ത് 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് എൻ.ഐ.സി മുഖേന ഓൺലൈനായി ക്രെഡിറ്റ് വന്ന തുക മുൻവർഷങ്ങളിലേതുൾപ്പെടെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-26 ഐ.കെ.എം വിഹിതം അടവാക്കൽ-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം അടവാക്കൽ

പ്രോജക്ട് നം. : 9/2021

അടങ്കൽ : വികസന ഫണ്ട് - 100000/-

ചെലവ് : 100000/- (ട്രഷറി ബിൽ നം.9 തീയതി 22.09.2020)

നിർവഹണം: സെക്രട്ടറി

മുളക്കുഴ ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം-നുള്ള വിഹിതമായി മേൽ പ്രോജക്ട് പ്രകാരം 100000/- രൂപ ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-27 കന്നുകുട്ടി പരിപാലനം-രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

1.പ്രോജക്ട് നം.21

പ്രോജക്ടിന്റെ പേര്: പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ജനറൽ

അടങ്കൽ -വികസന ഫണ്ട് (ജനറൽ): 200000/-രൂപ

മറ്റുള്ളവ : 200000/-രൂപ

ആകെ : 400000/-രൂപ

ചെലവ്:- 200000/-രൂപ (1.ട്രഷറി ബിൽ നം.14 തീയതി 28.03.2021)

നിർവഹണം:- വെറ്ററിനറി സർജൻ

2.പ്രോജക്റ്റ് നം.21

പ്രോജക്റ്റിന്റെ പേര്: കന്നുകുട്ടി പരിപാലനം (എസ്.സി.പി)

അടങ്കൽ -വികസന ഫണ്ട് (എസ്.സി.പി): 200000/-രൂപ

മറ്റുള്ളവ : 200000/-രൂപ

ആകെ : 400000/-രൂപ

ചെലവ്:- 200000/-രൂപ (1.ട്രഷറി ബിൽ നം.10 തീയതി 28.03.2021)

നിർവഹണം:- വെറ്ററിനറി സർജൻ

തൻവർഷം കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി മേൽ രണ്ട് പദ്ധതികൾ പ്രകാരം 400000/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീ) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (400000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

1.പ്രോജക്റ്റ് നം. 154

പ്രോജക്റ്റിന്റെ പേര്: പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ: വികസന ഫണ്ട് (എസ്.സിപി)- 528876/-

ചെലവ് : 247401/-

(1.ബിൽ നം.1 തീയതി.24.04.2020)

2.പ്രോജക്റ്റ് നം. 160

പ്രോജക്റ്റിന്റെ പേര്: പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ: വികസന ഫണ്ട് (എസ്.സിപി)- 860000/-

ചെലവ്: 742203/-

(1.ബിൽ നം.5 തീയതി. 13.05.2020)

നിർവഹണം: അസിസ്റ്റന്റ് സെക്രട്ടറി

മുളക്കുഴ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോ ദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നല്കുന്നതിനായി മേൽപ്പറയും പ്രകാരം രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു. ആകെ 36 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നല്കിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന രണ്ട് വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

1.പ്രീതി.പി, അശ്വതി ഭവൻ, കാരയ്ക്കാട്

2.ആഷ്ന കലേഷ്, സുപ്രഭ വിലാസം, അരീക്കര.പി.ഒ

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.28.05.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ രണ്ട് വിദ്യാർത്ഥികൾക്കായി ചെലവഴിച്ച തുക (54978/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 മരുന്ന് പൂർണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, PHC നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) തുക നൽകിയിട്ടും ഓഡിറ്റ് തീയതി വരെ മരുന്ന് പൂർണമായും ലഭിച്ചില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | തുക | ലഭിച്ച മരുന്നുകളുടെ മൂല്യം | മരുന്ന് ലഭിച്ച ഇൻവോയ്സ് | ബാക്കി | ചെലവു വിവരം |
|---|---|---|---|---|---|
| സാന്ത്വന പരിചരണ പദ്ധതി (S0049/21) | 178210 | 43979 | 9190/18-11-20 രൂപ 24725/-<br>12960/14-02-22 രൂപ 19254/- | 134231 | ബിൽ നമ്പർ 08/24-03-21 രൂപ 178210/- |

ബാക്കി മരുന്ന് ലഭ്യമായതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 134231/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 തൊഴിലുറപ്പുപദ്ധതി- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | നടപ്പാത കോൺക്രീറ്റിംഗ് വാർഡ് - 9 | വിജയൻ കെ.കെ | 210470 | 2104 | 30-01-21 |
| 2 | നടപ്പാത കോൺക്രീറ്റിംഗ് | മുരളീധരൻ പി.സി | 152548 | 1525 | 06-11-20 |
| | ആകെ | | | 3629 | |

തൊഴിലുറപ്പ പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നത്. ആദായ നികുതി ഈടാക്കുന്നതിനുള്ള സൗകര്യം എം.ഐ.എസ്-ൽ ലഭ്യമല്ലാത്തതു കാരണം വെണ്ടർ/സപ്ളയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യുകയാണ് വേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തികളുടെ ആദായ നികുതി കരാറുകാർ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/29-05-22) നല്കിയ മറുപടിയിൽ തുക ഒടുക്കിയത് ബോധ്യപ്പെടാനായില്ല.

## 1-31 മുളക്കുഴ ഗ്രാമപഞ്ചായത്ത് – കോവിഡ് 19 അവലോകന റിപ്പോർട്ട്

കോവിഡ് 19 മഹാമാരി ലോകമൊട്ടാകെ പൊട്ടിപ്പുറപ്പെട്ടതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശ പ്രകാരം വ്യാപകമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ മുളക്കുഴ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി.

കോവിഡ് കെയർസെൻററുകൾ (സി.സി.സി)

അന്യദേശത്തുനിന്നും വിദേശത്തുനിന്നും എത്തിച്ചേരുന്നവരെ കരുതലിൽ പാർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം കോവിഡ് കെയർ സെന്ററുകൾ അടിയന്തിരമായി ആരംഭിച്ചു. മുളക്കുഴ സെഞ്ചറി ഹോസ്പിറ്റൽ, പിരളശ്ശേരി ചർച്ച് ഓഫ് ഗോഡ് ഗോസ്പ്പൽ ഹോസ്പിറ്റൽ ഹോസ്റ്റൽ, പിരളശ്ശേരി മൌണ്ട് സിയോൺ വനിതാ ഹോസ്റ്റൽ എന്നിവിടങ്ങളിൽ സെന്ററുകൾ പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും ജീവനക്കാരും സന്നദ്ധ സേനാംഗങ്ങളും കുടുംബശ്രീ പ്രവർത്തകരും ചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ ടി സെന്ററുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയായിരുന്നു. സെന്ററുകളിൽ ആവശ്യമായ കിടക്കകൾ, കുടിവെള്ളം അന്തേവാസികൾക്കാവശ്യമായ വ്യക്തിഗത ശുചീകരണ ഉപകരണങ്ങൾ എന്നിവ സജ്ജീകരിച്ചു. എല്ലാവർക്കും ആരോഗ്യകരമായ ഭക്ഷണം നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തി. 24x7 പ്രവർത്തനത്തിന് ആരോഗ്യപ്രവർത്തകരേയും പഞ്ചായത്ത് ജീവനക്കാരേയും ഡ്യൂട്ടിയിൽ നിയോഗിച്ചു.

പട്ടിക 1

| ക്രമ നമ്പർ | സ്ഥാപനം | ബെഡ്ഡുകളുടെ എണ്ണം | ആകെ പ്രവേശിച്ചവരുടെ എണ്ണം |
|---|---|---|---|
| 1 | സെഞ്ചുറി ഹോസ്പിറ്റൽ | 99 | 342 |
| 2 | ചർച്ച് ഓഫ് ഗോഡ് ഹോസ്റ്റൽ | 4 | 21 |
| 3 | മൌണ്ട് സിയോൺ വനിതാ ഹോസ്റ്റൽ | 15 | 36 |
| ആകെ | | 118 | 399 |

30/06/2020 വരെയുള്ള ചെലവ്

| ഇനം | ചെലവ് |
|---|---|
| അടിസ്ഥാന സൌകര്യം | 31642 |
| ഭക്ഷണ വിതരണം | 119723 |
| അണുനശീകരണം | 73067 |

അതിഥി തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾ

ചെങ്ങന്നൂർ ടൌണിനോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്താണ് മുളക്കുഴ. ആയതിനാൽ അതിഥി തൊഴിലാളികൾ കൂട്ടമായി ഈ ഭാഗത്ത് വസിക്കുന്നുണ്ട്. ടി തൊഴിലാളികളെ മൂന്ന് സെന്ററുകളിലായി പാർപ്പിച്ചു. അവർക്കാവശ്യമായ സാധന സാമഗ്രികൾ പ്രത്യേകമായി എത്തിച്ചു. 74 പേർക്ക് സഹായമെത്തിച്ചു നൽകി.

ബ്രേക്ക് ദി ചെയിൻ

കോവിഡ്19 രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹു. കേരള സർക്കാർ നിർദ്ദേശപ്രകാരം ബ്രേക്ക് ദി ചെയിൻ എന്ന ക്യാമ്പയിൻ പഞ്ചായത്തിൽ ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധ സേനാംഗങ്ങളുടേയും നേതൃത്വത്തിൽ നടത്തി. ഇതിനായി വ്യാപകമായി മൈക്ക് അനൌൺസ്മെൻറ്, നോട്ടീസ്, മറ്റ് ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. സാനിറ്റൈസർ, മാസ്ക് എന്നിവ വിതരണം ചെയ്തു. പരീക്ഷ നടന്ന മുളക്കുഴ ഗവ.എച്ച്.എസ്.എസ്, കാരയ്ക്കാട്, എസ്.വി.എച്ച്.എസ് എന്നിവിടങ്ങളിലെ കുട്ടികൾക്ക് മാസ്ക്, സാനിറ്റൈസർ എന്നിവ സൌജന്യമായി വിതരണം ചെയ്തു.

കോവിഡ് കൺട്രോൾ റൂം

കോവിഡ് കൺട്രോൾ റൂം 20/03/2020 മുതൽ പഞ്ചായത്താഫീസിൽ ആരംഭിച്ചു. 24x7 എന്ന സമയ ക്രമത്തിൽ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിച്ചു.

കമ്മ്യൂണിറ്റി കിച്ചൻ

ലോക്ഡൌൺ മൂലം ഭക്ഷണത്തിനുള്ള ലഭ്യത ഇല്ലാത്തവർക്കായി കമ്മ്യൂണിറ്റി കിച്ചൻ 28/03/2020 മുതൽ മുളക്കുഴ മുസ്ലീം ജമാ അത്ത് പള്ളി ഹാളിലും കോവിഡ് ബാധിതനായ ഒരാൾ പള്ളിയിൽ എത്തിയതിനേ തുടർന്ന് 12/04/2020 മുതൽ പാറയ്ക്കൽ എസ്.എൻ.ഡി.പി ഹാളിലും, പഞ്ചായത്ത് തലത്തിൽ പ്രവർത്തനമാരംഭിച്ചു. പൊതുജനങ്ങളിൽ നിന്ന് ഭക്ഷ്യ വസ്തുക്കൾ സംഭാവനയായി സ്വീകരിച്ചും പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചും ടി സെൻറർ 15/05/2020 വരെ പ്രവർത്തിപ്പിച്ചു.

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെന്റർ (സി.എഫ്.എൽ.റ്റി.സി)

കോവിഡ് വ്യാപനം ആയതിനെ തുടർന്ന് ബഹു. ആലപ്പുഴ ജില്ലാ കളക്ടറുടെ 23/07/2020 ലെ സി.എം.സി 5935/2020 നമ്പർ ഉത്തരവിൻ പ്രകാരം കൊഴുവല്ലൂർ മൌണ്ട് സിയോൺ എഞ്ചിനീയറിംഗ് കോളേജിന്റെ എം.ബി.എ കെട്ടിടത്തിൽ 13/08/2020-ാം തീയതി മുതൽ സി.എഫ്.എൽ.റ്റി.സി ആരംഭിച്ചു. 50 പുരുഷൻമാർക്കും 50 വനിതകൾക്കും പ്രവേശിക്കുന്നതിനാവശ്യമായ കിടക്കകൾ സജ്ജീകരിച്ചു. പഞ്ചായത്ത് പ്രസിഡൻറ് ചെയർപേഴ്സനും പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ കൺവീനറുമായിട്ടുള്ള ഹോസ്പിറ്റൽ മനേജ്മെൻറ് കമ്മിറ്റിയും രൂപീകരിച്ചു. പാണ്ടനാട് C.H.C യിലെ മെഡിക്കൽ ആഫീസറായ ഡോ. രാകേഷിനെ മെഡിക്കൽ നോഡൽ ഓഫീസറായും നിയമിച്ച് സെന്ററിലേക്ക് 2 ഡോക്ടർമാർ 6 സ്റ്റാഫ് നഴ്സ് എന്നിവരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പും ക്ലീനിംഗ് സ്റ്റാഫുകളായി 6 പേരെ പഞ്ചായത്തും നിയമിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കോവിഡ് ബാധിതരെ ആ സെന്ററിൽ പ്രവേശിപ്പിച്ചു. ജീവനക്കാർക്കും രോഗികൾക്കും ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളും ഭക്ഷണവും പഞ്ചായത്ത് സജീകരിച്ചു. കോവിഡ് സെന്ററിന് ആവശ്യമായ സൌകര്യങ്ങൾ കിടക്ക, സാനിറ്റൈസറുകൾ, കുടിവെള്ളത്തിനാവശ്യമായ വാട്ടർ പ്യൂരിഫയർ, ചൂടുവെള്ളത്തിന് ഇൻഡക്ഷൻ കുക്കർ, ടയാങ് സംവിധാനം, സി.സി.ക്യാമറ, പി.പി.ഇ.കിറ്റ്, സാനിറ്റൈസർ, വേസ്റ്റുകൾ സംസ്കരിക്കുന്നതിന് ഇൻസിനേറ്റർ എന്നിവ സജ്ജീകരിച്ചു. മെഡിക്കൽ വേസ്റ്റുകൾ ശേഖരിച്ച് കൊണ്ടുപോകുന്നതിന് ഐ.എം.എയുടെ സ്ഥാപനമായ ഇമേജുമായി കരാറിൽ ഏർപ്പെട്ടു. 163 രോഗികളെ ടി സെന്ററിൽ പ്രവേശിപ്പിച്ചു. 21/10/2020-ാം തീയതി സെന്ററിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.

സെന്ററിന്റെ അടിസ്ഥാന സൌകര്യത്തിനും മറ്റ് ചെലവുകൾക്കായി 2187833/2 (ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തിയേഴായിരത്തി എണ്ണൂറ്റിമുപ്പത്തിമൂന്ന്) രൂപ ചെലവഴിച്ചു.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അഞ്ചുമീറ്ററിൽ കൂടുതൽ വീതിയുള്ള പ്രവേശന മാർഗ്ഗമുള്ളപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയില്ല

വർഗ്ഗീസ് വി ജേക്കബ് & ജേക്കബ് സാം വർഗ്ഗീസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 18-ാം വാർഡിൽ പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന 511.68 $M^2$ വിസ്തീർണമുള്ള (ഒന്നാം നില 29/B) കെട്ടിടത്തിന് $200m^2$ ന മുകളിൽ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് 31-12-2020 ൽ വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത് (@70/$m^2$). സൈറ്റ് പ്ലാൻ പ്രകാരം 7.30 മീറ്റർ വീതിയുള്ള എം.സി റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ട്. എന്നാൽ കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡ് എം.സി റോഡ് എന്ന് കാണിച്ചിട്ടുണ്ടെങ്കിലും റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് ഫാറം 6 ൽ രേഖപ്പെടുത്തി വഴി സൗകര്യത്തിനുള്ള 20% വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ഇതിന്റെ താഴത്തെ നിലയ്ക്ക് വഴി സൗകര്യത്തിനുള്ള 20% വർദ്ധനവ് വരുത്തിയിട്ടുമുണ്ട്. അതിനാൽ വഴി സൗകര്യത്തിനുള്ള 20% വർദ്ധനവ് ഒന്നാം നിലയ്ക്കും ബാധകമാണ്. ശരിയായി നികുതി നിർണയം നടത്താതിരുന്നതിനാൽ നികുതിയിനത്തിലുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

| | നികുതി നിർണയിച്ചത് | നികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 511.68 $M^2$ @70 = 35818 | 35818 | |
| വഴി സൗകര്യത്തിനുള്ള വർദ്ധനവ് 20% | ----- | (+)7164 | |
| ബഹുനില വാണിജ്യത്തിനുള്ള ഇളവ് ഒന്നാം നില @5% | 1790 | (-)2149 | |
| നികുതി | 34028 | 40833 | 6805 |
| ലൈബ്രറി സെസ് 5% | 1702 | 2042 | 340 |

2020-21 രണ്ടാം അർദ്ധവർഷം മുതൽ നികുതി അസസ് ചെയ്തിരിക്കുന്നതിനാൽ തൻവർഷത്തെ നഷ്ടം 3403+ 170 രൂപ. 18/29B നമ്പർ കെട്ടിടത്തിന്റെ നികുതി ശരിയായി നിർണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

### 2-2 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 13750 രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2020-21 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1, | APCOS അരണ്ടകാട് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |

| | | | |
|---|---|---|---|
| 2, | APCOS കൊഴുവള്ളൂർ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | APCOS മുളക്കുഴ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | APCOS പെരിങ്ങല | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | APCOS കാരക്കാട് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 6 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, കോട്ട | രണ്ടാം അർദ്ധ വർഷം | 1250 |
| | ആകെ | | 13,750 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 15, തീയതി 01/06/2022) മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സംരക്ഷണ ഭിത്തിയുടെ ബാക്ക് ഫില്ലിംഗിന് എർത്ത് കട്ട് ചെയ്തപ്പോൾ ലഭിച്ച മണ്ണ് ഉപയോഗിച്ചിട്ടും കരാറുകാരന് തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഉമ്മറക്കോട് റോഡ് കോൺക്രീറ്റ് വാർഡ് -6 |
| പ്രോജക്ട് നമ്പർ | S0085/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | വിജയൻ |
| അളവു പുസ്തകം | 17/19 |
| ചെലവു വിവരം | ചെക്ക് നമ്പർ 2961113/21-08-20 രൂപ 424464/- |

എ)ഉമ്മറക്കോട് റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ 29 മീറ്റർ നീളത്തിൽ RR Dry Stone Masonary യിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 0.70 മീറ്റർ ആഴത്തിൽ കുഴിയെടുത്താണ് ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നത്. നിർമ്മിച്ച സംരക്ഷണ ഭിത്തിയുടെ 0.70 മീറ്റർ കനത്തിൽ ബാക്ക് ഫില്ലിംഗ് നടത്തിയതിന് വന്ന 11.96 $M^3$ അളവ്, ക്ലിപ്തപ്പെടുത്തി 10.15$m^3$ ന് 844.47/$m^3$ നിരക്കിൽ 8571/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിലെ എർത്ത് വർക്ക് എക്സ്കവേറ്റ് ചെയ്തപ്പോൾ ലഭിച്ച 18.27 $M^3$ ഉം (അളവു പുസ്തകം പേജ് 2) എർത്ത് കട്ട് ചെയ്തപ്പോൾ ലഭിച്ച 12.60 $M^3$ ഉം (അളവു പുസ്തകം പേജ് 8) ഉൾപ്പെടെ 30.87 $M^3$ മണ്ണ് സൈറ്റിൽ ലഭ്യമായിരുന്നു. ഇതിൽ എർത്ത് കട്ട് ചെയ്തപ്പോൾ ലഭിച്ച 12.60 $M^3$ മണ്ണ് ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അളവു പുസ്തകം പേജ് 8-ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സൈറ്റിൽ 30.87 $M^3$ മണ്ണ് ലഭ്യമായിതിൽ 12.60 $M^3$ മണ്ണ് ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടും ബാക്ക് ഫില്ലിംഗ് നടത്തിയതിന് കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 3-2 സംരക്ഷണ ഭിത്തി നിർമ്മാണം- 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുടെള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. അധിക ച്ചെലവ് 5220/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കൊച്ചായത്തിൽ തോട് സംരക്ഷണം |
| പ്രോജക്ട് നമ്പർ | S0203/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജോജി തോമസ് |
| അളവു പുസ്തകം | 37/19 |
| ചെലവു വിവരം | ബിൽ നമ്പർ 53/29-03-21 രൂപ 1001395/- |

ടി പദ്ധതിയിൽ നിലവിലുള്ള 47.90 മീറ്റർ നീളത്തിൽ ഭിത്തിയുടെ ഉയരം വർദ്ധിപ്പിച്ചിരിക്കുന്നത് RR Masonary യിലാണ്. RR Masonary ചെയ്തതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 5cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുടെള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയുടെള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 44.7862 |
| | 136.7308 (Say 136.73/$m^3$) |

47.90 മീറ്റർ നീളത്തിൽ ഭിത്തിയുടെ ഉയരം വർദ്ധിപ്പിക്കുന്നതിന് RR Masonary 34.09 $M^3$ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി 5220/- രൂപ [4661/- (34.09 @136.73/$m^3$) + 559 (12% GST)] അധികം നൽകാനിടയായി. ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/29-05-22) മറുപടി ഹാജരാക്കിയില്ല.

## 3-3 തൊഴിലുറപ്പപദ്ധതി- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | നടപ്പാത കോൺക്രീറ്റിംഗ് വാർഡ് - 9 | വിജയൻ.കെ.കെ | 210470 | 2104 | 30-01-21 |
| 2 | നടപ്പാത കോൺക്രീറ്റിംഗ് | മുരളീധരൻ.പി.സി | 152548 | 1525 | 06-11-20 |
| | ആകെ | | | 3629 | |

തൊഴിലുറപ്പ പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നത്. ആദായ നികുതി ഈടാക്കുന്നതിനുള്ള സൗകര്യം എം.ഐ.എസ്-ൽ ലഭ്യമല്ലാത്തതു കാരണം വെണ്ടർ/സപ്ളയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യുകയാണ് വേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തികളുടെ ആദായ നികുതി കരാറുകാർ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/29-05-22) നല്കിയ മറുപടിയിൽ തുക ഒടുക്കിയത് ബോധ്യപ്പെടാനായില്ല.

## 3-4 ബൾക്ക് ബിറ്റ്യുമിൻ ഉപയോഗിച്ചിട്ടും പാക്കഡ് ബിറ്റ്യുമിൻ ഉപയോഗിക്കുമ്പോൾ നൽകുന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്.നഷ്ടം 2810/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മൂലപ്ലാംചുവട് പഴയകാരക്കാട് റോഡ് റീടാറിംഗ് |
| പ്രോജക്റ്റ് നമ്പർ | S0172/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സാം എബ്രഹാം (എസ്റ്റിമേറ്റ് നിരക്ക്) |
| അളവു പുസ്തകം | 119/18 |
| ചെലവു വിവരം | 05/11-04-20 രൂപ 199590/- |

മേൽ പ്രവൃത്തിയിൽ 1155$m^2$ അളവിൽ ടാറിംഗ് നടത്തുന്നതിന് 2652 കി.ഗ്രാം ബിറ്റ്യുമിനും 260 കി.ഗ്രാം RS1 ഉം ഉപയോഗിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഉപയോഗിച്ച 2652 കി.ഗ്രാം ബിറ്റ്യുമിനിൽ 1568.30 കി.ഗ്രാം ബൾക്ക് ബിറ്റ്യുമിനാണ് അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഉപയോഗിച്ചിരിക്കുന്നത്.

എന്നാൽ പാക്കഡ് ബിറ്റുമിൻ ഉപയോഗിക്കുമ്പോൾ നൽകുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. 1568.30 കി.ഗ്രാം ബൾക്ക് ബിറ്റുമിൻ ഉപയോഗിച്ചിരിക്കുന്നതിനാൽ ആയതിന്റെ നിരക്കാണ് ഇത് ഉപയോഗിച്ച് ചെയ്ത ഇനങ്ങൾക്ക് അനുവദിക്കാവുന്നത്. എന്നാൽ ഏതെല്ലാം ഇനങ്ങൾക്കാണ് ഇത് ഉപയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ടി പ്രവൃത്തിയിൽ 1083.70 കി.ഗ്രാം (2652 - 1568.30) ബിറ്റുമിനും 260 കി.ഗ്രാം RS1 ഉം ഉപയോഗിച്ചതനുസരിച്ച് വരുന്ന 8.31 ടാർവീപ്പയുടെ വില 2335/- (8.31 @281)) രൂപ മാത്രമാണ് കരാറുകാരനിൽ നിന്നും ഈടാക്കിയിരിക്കുന്നത്. പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് അനുവദിച്ചിരിക്കുന്നതിനാൽ 1568.30 കി.ഗ്രാം ബിറ്റുമിന്റെ ടാർ വീപ്പയുടെ വിലയായ 2810/- (10 @ 281) രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 7/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 3-5 ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല - നഷ്ടം 3091/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | സെന്റ് മേരീസ് കുഴിപൊയ്ക റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | S0111/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സുജിത് കുമാർ |
| അളവു പുസ്തകം | 48/19 |
| ചെലവു വിവരം | 54/31-03-21 രൂപ 463988/- |

മേൽ പ്രവർത്തിയിൽ 682.31$m^2$ റോഡ് ടാർ ചെയ്തിട്ടുണ്ടെങ്കിലും കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അളവിൽ ടാറിംഗ് നടത്തുന്നതിന് 1638 കി.ഗ്രാം ബിറ്റുമിനും 182 കി.ഗ്രാം RS1 ഉം ആവശ്യമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ അളവിൽ സാധനങ്ങൾ ഉപയോഗിക്കുമ്പോൾ വരുന്ന ടാർവീപ്പയുടെ എണ്ണം 11 ആണ്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. ഇതനുസരിച്ച് 3091/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/29-05-22 ) മറുപടി ഹാജരാക്കിയില്ല.

## 3-6 എൽ പി സ്കൂളുകൾക്ക് ഫർണിച്ചർ- കസേരയ്ക്ക് കൂടിയ നിരക്ക് ഈടാക്കിയതുവഴി അധികം നൽകിയത് 1200/- രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എൽ.പി സ്കൂളുകൾക്ക് ഫർണീച്ചർ |
| പ്രോജക്ട് നമ്പർ | S006520 |
| നിർവ്വഹണം | HM, GLPS മുളക്കുഴ |
| ചെലവു വിവരം | ബിൽ നമ്പർ 1/12-04-20 രൂപ 166378/-<br>ബിൽ നമ്പർ2/17-04-20 രൂപ 50570/- |

എൽ.പി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത തമ്പുരാൻ

കാലായിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. കൈയുള്ള പ്ലാസ്റ്റിക് കസേര 80 എണ്ണം @444/- രൂപ നിരക്കിൽ വിതരണം ചെയ്യാൻ ആവശ്യപ്പെട്ടതനുസരിച്ച് 80 എണ്ണവും സപ്ലൈ ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ പരിശോധിച്ചതിൽ ഒരെണ്ണത്തിന് 444/- രൂപ വില വരുന്നത് നീൽകമൽ 7015 എന്ന മോഡലിനാണ്. ടി സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നമ്പർ 6087/20-03-20 പ്രകാരം വിതരണം ചെയ്തിരിക്കുന്നത് നീൽ കമൽ 2071 മോഡൽ കസേരയാണ്. ഇതിന് ഇവർ ക്വോട്ട് ചെയ്തിരിക്കുന്ന നിരക്ക് @429/- ആണ്. വിലവ്യത്യാസം @ 15/- ഒരെണ്ണം. കൂടിയ നിരക്ക് ഈടാക്കിയതുവഴി 1200 (80x15) രൂപ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/29-05-22) ബിൽ നൽകിയപ്പോൾ വന്ന തെറ്റാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത്. മേൽ മറുപടി അംഗീകരിക്കുന്നില്ല. ടി തുക സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 154286 | നെൽകൃഷിക്ക് കൂലിച്ചെലവ്-സ്പിൽ ഓവർ | 154286 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 350000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 350000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 350474 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 350474 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 88000 | നെൽകൃഷിക്ക് കൂലിച്ചെലവ്- | 88000 | |
| | 2020-21 | 140000 | | 140000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 71422 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 71422 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 245000 | നെൽകൃഷിക്ക് കൂലിച്ചെലവ്-സ്പിൽ ഓവർ | 245000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 179912 | നെൽകൃഷിക്ക് കൂലിച്ചെലവ്-സ്പിൽ ഓവർ | 179912 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| | | | 3735411 | 673647 | | 3061764 | - |

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1410606 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |

| | |
|---|---|
| ആകെ | 1410606 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1410606 |
| തൻവർഷം ആർജിച്ച പലിശ | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | തുക | രസീത് നം. തീയതി | റിമാർക്സ് |
|---|---|---|---|
| ഇൻഡ്യൻ ഓവർസീസ് ബാങ്ക്, മുളക്കുഴ | 1410606 | 2014/NDRS/0302982 Dt 28.3.2020 | |

തൻവർഷം ആർജിച്ച സ്ഥിരനിക്ഷേപത്തിന്മേലുള്ള പലിശ അക്രൂവൽ അടിസ്ഥാനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഒന്നുമില്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76130783 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88853557 |
| വരവിനങ്ങളിലുള്ള നഷ്ടം | 17153 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20892 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 689209 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 3403 | | ജ്യോതിഷ് കുമാർ. ജി, സെക്രട്ടറി |
| 2-2 | 13750 | | ജ്യോതിഷ് കുമാർ. ജി, സെക്രട്ടറി |
| 3-1 | | 8571 | ശ്രീ. എസ് ബാലൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 5220 | ശ്രീ. എസ് ബാലൻ, അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനിയർ |
| 3-4 | | 2810 | സുജിത് രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 3091 | തുശ്ശി. എസ് ബാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 1200 | ജെസി. എ.എസ്, ഹെഡ്മിസ്ട്രസ് |
| ആകെ | 17153 | 20892 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-26 | 100000 | ജ്യോതിഷ്കുമാർ.ജി, സെക്രട്ടറി |
| 1-27 | 400000 | ഡോ.സാജൻ മോൻ, സീനിയർ വെറ്ററിനറി സർജൻ |
| 1-28 | 54978 | ഇ.ആർ.ഓമനയമ്മാൾ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 134231 | ഡോ.റോസ് മേരി ജോസഫ്, മെഡിക്കൽ ഓഫീസർ |
| ആകെ | 689209 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-3 രൂപ 3629/-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജ്യോതിഷ് കുമാർ.ജി ,സെക്രട്ടറി | സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത് | പാർവ്വതി നിവാസ്, അക്ഷര നഗർ, തിരുമുല്ലവാരം പി.ഒ |
| തുശ്ശി. എസ് ബാലൻ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെങ്ങന്നൂർ നഗരസഭ | തുശ്ശിഭവൻ, എടത്തിട്ട പി.ഒ, കൊടുമൺ |
| ജെസി. എ. എസ്സ്, ഹെഡ്മിസ്ട്രസ് | HM, GLPS മുളക്കുഴ | പാക്കണ്ടത്തിൽ ജോയിസ് കോട്ടേജ്, കാരിത്തോട്ട പി.ഒ, കിടങ്ങന്നൂർ |
| ഡോ.സാജൻ മോൻ സീനിയർ വെറ്റിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ, ആല | കോക്കാട്ടുമുണ്ടക്കൽ ഹൗസ്, പാല പി.ഒ, കോട്ടയം |

| | | |
|---|---|---|
| ഇ.ആർ.ഓമനയമ്മാൾ,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി തൃക്കുന്നപ്പുഴ പഞ്ചായത്ത് | എടപ്പാട്ടു കിഴക്കേതിൽ, ചെറിയനാട് പി.ഒ |
| ഡോ.റോസ് മേരി ജോസഫ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, PHC മുളക്കുഴ | കാഞ്ഞുപറമ്പിൽ ഹൗസ്, അമലഭവൻ റോഡ്, കടവന്ത്ര പി.ഒ |
| സുജിത് രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമാക്കിയില്ല | ഇട്ടിയപ്പൻ വിളയിൽ, മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.എ 9-322/01/28.6.01 |
| 1998-99 | എൽ.എഫ്.എ-992/02/28.6.01/11.11.02 |
| 2000-01 | എൽ.എഫ്.എ-822/05/31.1.06/31.3.06 |
| 1997-98 (വരവ്) | എൽ.എഫ്.എ 11-149/08/30.7.08/7.11.08 |
| 2003-04 | എൽ.എഫ്.എ-11 -28/10/8.4.10/12.5.10 |
| 2004-05 | എൽ.എഫ്.എ-11-29/10/.8.04.10/12.5.10 |
| 2006-07 | എൽ.എഫ്.എ -2-1482/10/20.6.11/2.7.11 |
| 2007-08 | എൽ.എഫ്.എ -2-1483/10/20.6.2011/2.7.11 |
| 2008-09 | എൽ.എഫ്.എ -പി5-1485/20.6.11/18.7.11 |
| 2009-10 & 2010-11 | എൽ.എഫ്.എ -പി 5--1402/12/18.12.12/14.3.13 |
| 2011-12, 2012-13 | എൽ.എഫ്.എ- പി5-1315/2014/11.12.14/31.1.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5-1192/15/15-09-2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി 5-828/16/29.07.16 |

| | |
|---|---|
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി.5-18/2017 /30/01/2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി5-1375/2017/13.11.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി – പി 5- 1496/19/8.2.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി – പി 5- 794/20/21.1.2021 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി – പി 5- 264/2022/27.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്